(ബി) കേസ് അന്വേഷണാവസ്ഥയിലാണ്.

സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ പ്രശ്നങ്ങൾ

192 (3013) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ അരക്ഷിതാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സുരക്ഷാ ജീവനക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഇൻഷുറൻസ് ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വകാര്യ സുരക്ഷാ ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള അരക്ഷിതാവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തൃശ്ശൂർ നഗരത്തിൽ സ്വകാര്യ സുരക്ഷാ ജീവനക്കാർക്കെതിരെ ഉണ്ടായ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സ്വകാര്യ സുരക്ഷാ ജീവനക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രാത്രികാല പട്രോളിംഗ്/ബീറ്റ് ഡ്യൂട്ടി സമയത്ത് പോലീസ് സ്വകാര്യ സുരക്ഷാ ജീവനക്കാരെ വിന്യസിച്ചിരിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തി വരികയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് നിലവിൽ ക്ഷേമനിധി അംഗത്വവും ആനുകൂല്യവും കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫയൽ ഫണ്ട് ബോർഡ് മുഖേന നൽകുന്നുണ്ട്. ഈ മേഖലയിലെ ജീവനക്കാർക്ക് ഇ.എസ്.ഐ., ഇ.പി.എഫ്. വിഹിതങ്ങൾ എല്ലാംതന്നെ ഏജൻസികൾ ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള ബന്ധപ്പെട്ട വകുപ്പുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly